(ബി) ഇക്കാര്യത്തിൽ സ്വജനപക്ഷപാതം ഒഴിവാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) 17-9-2004-ലെ ഗവൺമെന്റ് ഉത്തരവ് (എംഎസ്.) 295/04/പൊ.വി.വ. പ്രകാരം എസ്. എസ്. എൽ. സി. പൊതു പരീക്ഷയ്ക്ക് ഗ്രേഡിംഗ് നടപ്പിലാക്കിയിട്ടുണ്ട്. 2005 മാർച്ച് മാസത്തിലെ എസ്. എസ്. എൽ. സി. പരീക്ഷ ഇതിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളിൽ മൂല്യനിർണ്ണയം നടത്തുന്നത് എസ്. എസ്. എ. പദ്ധതി പ്രകാരമല്ല. 8-ാം ക്ളാസ് വരെ മാത്രമേ എസ്. എസ്. എ. യുടെ പരിധിയിൽ വരുകയുള്ളു. മറ്റ് സ്കൂളുകളിൽ എന്നപോലെ അൺ എയ്ഡഡ് സ്കൂളുകളിലെയും നിരന്തര മൂല്യ നിർണ്ണയ ഉപാധികൾ സമഗ്രമായി വിലയിരുത്തുന്നതിന് വിദ്യാഭ്യാസ ജില്ലാതല കോർ കമ്മിറ്റി (ഇസിഡിസി) രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിക്ക് നേതൃത്വം നൽകുന്നത്, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ്. ഡയറ്റ് പ്രതിനിധികൾ, ഐ. റ്റി. അറ്റ് സ്കൂൾ, മാസ്റ്റർ ട്രെയിനർമാർ, ഡി. ആർ. ജി./എസ്. ആർ. ജി. എന്നിവർ ഈ സമിതിയിൽ അംഗങ്ങളാണ്. ഈ സമിതിയിലെ രണ്ടോ മൂന്നോ പേരുടെ സംഘങ്ങൾ ഒരു സ്കൂളിൽ ഒരു ദിവസം എന്ന നിലയ്ക്ക് സ്കൂൾ സന്ദർശനം നടത്തി ഓരോ കുട്ടിയുടേയും രേഖകൾ പരിശോധിച്ച് വിശദമായ വിലയിരുത്തൽ നടത്തുകയാണ് ചെയ്യുന്നത്.

(ബി) അൺ എയ്ഡഡ് സ്കൂളുകളിലെ ഇന്റേണൽ അസസ്മെന്റ് സ്വജനപക്ഷപാതമില്ലാതെ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ കൺവീനറായിട്ടുള്ള വിദ്യാഭ്യാസ ജില്ലാതല കോർ കമ്മിറ്റി വിദ്യാലയങ്ങൾ സന്ദർശിച്ച് 10-ാം തരത്തിലെ എല്ലാ വിദ്യാർത്ഥികളുടേയും പോർട്ട്ഫോളിയോകളുടെ പരിശോധന ജനുവരി 20-ന് മുമ്പ് നടത്തിയിട്ടുണ്ട്. ഇതു കൂടാതെ വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഡയറ്റ് പ്രിൻസിപ്പാൾ എന്നിവർ ഉൾപ്പെട്ട ജില്ലാതല സമിതി വിദ്യാലയങ്ങൾ സന്ദർശിച്ച് സി. ഇ. സ്കോർ പരിശോധന നടത്താറുമുണ്ട്.

വിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ നിർമ്മിക്കാൻ നടപടി

9 [*126] ശ്രീ. സ്റ്റീഫൻ ജോർജ് :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ ആവശ്യാനുസരണം ശൗചാലയങ്ങൾ ഇല്ലാത്തത് മനുഷ്യാവകാശ ലംഘനമാണെന്നും, ഇത് വിദ്യാർത്ഥികളിൽ പഠന വൈകല്യങ്ങൾക്ക് കാരണമാകും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച് ആവശ്യമായ ശൗചാലയങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ഉണ്ട്.

(ബി) വിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2002-03 മുതൽ 2004-05 വരെയുള്ള കാലയളവിൽ സ്കൂളുകളിൽ 2792 ശൗചാലയങ്ങൾ എസ്. എസ്. എ. പദ്ധതിയിൻകീഴിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ധനലഭ്യതയ്ക്കനുസരിച്ച് പി. റ്റി. എ.യുടെ സഹകരണത്തോടെ ശൗചാലയങ്ങൾ ഇല്ലാത്തിടങ്ങളിൽ അവ നിർമ്മിച്ചുനൽകാനും ഉദ്ദേശിക്കുന്നു.

സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി

10 [*127] ശ്രീ. പിരപ്പൻകോട് മുരളി :

,, ടി. കെ. ബാലൻ :

,, മഞ്ഞളാംകുഴി അലി :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ വിതരണ പരിപാടി ഇപ്പോൾ ഏത് ക്ലാസ്സുവരെയാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഇതിനുള്ള കേന്ദ്ര സഹായം ഏത് ക്ലാസ്സുവരെ നടപ്പിലാക്കുന്നതിനാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഉച്ചഭക്ഷണ പരിപാടി പത്താം ക്ലാസ്സുവരെ വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) പത്താം ക്ലാസ്സുവരെ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു വർഷം എന്തു തുക കൂടുതൽ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിനുള്ള ചെലവ് കേന്ദ്രത്തിൽനിന്ന് ലഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; സഹായം ലഭിച്ചില്ലെങ്കിലും പ്രസ്തുത പദ്ധതി പത്താം ക്ലാസ്സുവരെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) 1 മുതൽ 7 വരെ ക്ലാസ്സുകളിൽ.

(ബി) ഒന്ന് മുതൽ അഞ്ചാം ക്ലാസ്സുവരെ.

LIBRARY ARCHIVES Kerala Legislative Assembly